വിഭാഗം	ആകെ	പ്രവേശനം നേടിയവർ	ഒഴിവ്
ജനറൽ	23699	14165	9534
ഈഴവ	1447	1144	303
മുസ്ലീം	1243	991	252
ബാക്ക്‌വേഡ് ഹിന്ദു	766	625	141
ലാറ്റിൻ കത്തോലിക്	254	224	30
ബാക്ക്‌വേഡ് ക്രിസ്ത്യൻ	105	95	10
കുടുംബി	80	75	05
എസ്.സി.	1492	1075	417
എസ്.റ്റി.	541	82	459
മറ്റുള്ളവ	6336	5306	1030

(ഡി) വിദ്യാർത്ഥികളുടെ ഓപ്ഷനുകൾ ലഭ്യമാകാത്തതിനാൽ 12181 സീറ്റുകളിൽ അലോട്ട്‌മെന്റ് നൽകാൻ കഴിഞ്ഞിട്ടില്ല.

കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം

110 (1146) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യൂണിവേഴ്സിറ്റികളിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ടുള്ള എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അവ ഏതെല്ലാം ;

(ബി) യൂണിവേഴ്സിറ്റികളിൽനിന്നും ഡോക്ടറേറ്റ് നേടിയ ആരുടെയെല്ലാം പ്രബന്ധങ്ങൾ ഇപ്പോൾ യൂണിവേഴ്സിറ്റികളിൽനിന്നും അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്; വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള സർവ്വകലാശാലയിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ടുള്ള രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. എഞ്ചിനീയറിംഗ് വിഭാഗത്തിൽ ശ്രീമതി ഷീജ കെ.പി.-യുടെയും ഫിസിക്സിൽ ശ്രീമതി ബീനകുമാരി സി.-യുടെയും പ്രബന്ധങ്ങളെപ്പറ്റിയാണ് പരാതി ലഭിച്ചിട്ടുള്ളത്. ശ്രീശങ്കരാചാര്യ സർവ്വകലാശാലയിൽ കോപ്പിയടിയിലൂടെ ഗവേഷണ പ്രബന്ധം തയ്യാറാക്കിയതായി ആരോപിച്ചുകൊണ്ട് ഒരു പരാതി ലഭിച്ചിട്ടുണ്ട്. ഫിലോസഫി വിഭാഗം ഗവേഷക ശ്രീമതി സുമി കെ. എസ്. സമർപ്പിച്ച ഗവേഷണ പ്രബന്ധത്തിനെതിരെയാണ് ഇത്. ശ്രീമതി സുമി കെ. എസ്.-ന് ഇതുവരെ പി.എച്ച്.ഡി. അവാർഡ് ചെയ്തിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാലയിൽ 5 പരാതികൾ കിട്ടിയിട്ടുണ്ട്.

(1) 12-9-2014-ൽ അഡീഷണൽ ചീഫ് സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ് കാലിക്കറ്റ് വൈസ് ചാൻസലറോട് ശ്രീ. വീരമണികണ്ഠൻ എൻ. സൈക്കോളജിയിൽ തയ്യാറാക്കിയ "സൈക്കോളജിക്കൽ ഡൈനാമിക്സ് ഓഫ് ആസ്സ ഇൻ റിലേഷൻ ടു വേരിയസ് എറ്റിയോളജിക്കൽ ആന്റ് തൊറാപ്യൂട്ടിക് അപ്രോച്ചസ് ആന്റ് പ്രോഗ്നോസിസ്" എന്ന ഗവേഷണ പ്രബന്ധവുമായി ബന്ധപ്പെട്ട് പ്ലാജിയാരിസം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കാൻ ആവശ്യപ്പെട്ടിരുന്നു.

(2) ഇതേ വിഷയത്തിൽ ശ്രീ. ജ്യോതികുമാർ ചാമക്കാലയും (സെനറ്റ് മെമ്പർ, കേരള സർവ്വകലാശാല) അഭിപ്രായം പ്രകടിപ്പിച്ച് വൈസ് ചാൻസലർക്ക് 23-11-2014-ന് കത്തയച്ചിട്ടുണ്ട്.

(3) റഷ്യൻ ആന്റ് കംപാരിറ്റീവ് ലിറ്ററേച്ചർ വകുപ്പിൽ ഗസ്റ്റ് ലക്ചററായ എം. ശ്രീകല തയ്യാറാക്കിയ അന്നകരീന ആന്റ് ബിമല-എ സ്റ്റേഞ്ച് മീറ്റിംഗ് ഇൻഫെമിലിയൻ ലൗവ് ആന്റ് അൺഫെമിലിയർ ഹാപ്പിനെസ്സ് എന്ന ഗവേഷണ പ്രബന്ധത്തെക്കുറിച്ച് ശ്രീ. രാജേന്ദ്രൻ കെ. വാര്യർ പരാതി സമർപ്പിച്ചിട്ടുണ്ട്.

(4) ഒരു പൊതുപ്രവർത്തകൻ എന്ന പേരിൽ ലഭിച്ച പരാതി മലയാളത്തിൽ ഡോക്ടറേറ്റ് നേടിയ ശ്രീ. പി. കെ. ഗോപൻ എന്നയാളുടെ ഗവേഷണ പ്രബന്ധത്തെക്കുറിച്ചാണ്.

(5) 1957-ലെ വിമോചന സമരത്തെ ആസ്പദമാക്കി 2014-ൽ ഗവേഷണ പ്രബന്ധം സമർപ്പിച്ച ശ്രീ. പി. എം. സലീം, അസിസ്റ്റന്റ് പ്രൊഫ., ഗവ. കോളേജ്, കാസർഗോഡ് എന്നയാളുടെ ഗവേഷണ പ്രബന്ധത്തെക്കുറിച്ച് ഒരു ഗവേഷണ സ്നേഹി എന്ന പേരിൽ ഒരു പരാതി ലഭിച്ചിട്ടുണ്ട്. മറ്റ് സർവ്വകലാശാലകളിൽ നിന്നും പരാതികൾ ലഭിച്ചിട്ടില്ല.

(ബി) മഹാത്മാഗാന്ധി സർവ്വകലാശാല ഒഴികെ കേരളത്തിലെ ഒരു സർവ്വകലാശാലയിൽ നിന്നും ഗവേഷണപ്രബന്ധങ്ങൾ അപ്രത്യക്ഷമായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽനിന്നും ഡോക്ടറേറ്റ് നൽകിയതിൽ 35 പ്രബന്ധങ്ങൾ ഇപ്പോൾ ലഭ്യമല്ല.

കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനം

111 (1147) ശ്രീ. പി. ബി. അബ്ദുൾ റസാക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേരള സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനം ലഭിച്ചവർ ഇപ്പോഴും ജോലിയിൽ തുടരുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച കോടതി വിധി അവരെ പ്രസ്തുത തസ്തികയിൽ നിലനിർത്തുന്നതിന് അനുവദിച്ചുകൊണ്ടുള്ളതാണോ ;

(സി) കോടതി വിധി അവരെ ജോലിയിൽ നിന്ന് ഒഴിവാക്കുന്നതു സംബന്ധിച്ചാണെങ്കിൽ അതിന്റെ നടത്തിപ്പ് വൈകുന്നതിന് കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2008-ൽ ജോലിയിൽ പ്രവേശിച്ച അസിസ്റ്റന്റുമാർ ജോലിയിൽ തുടരുന്നുണ്ട്.

(ബി&സി) കേരള സർവ്വകലാശാല അസിസ്റ്റന്റ് നിയമനം സംബന്ധമായ വിഷയത്തിൽ കോടതി വിധി വന്നിട്ടില്ല. ബഹു. കേരള ലോകായുക്തയിൽ നിലവിലുണ്ടായിരുന്ന കേസ് നമ്പർ 572/2008 വിചാരണ കഴിഞ്ഞ് സർക്കാരിന് തുടർ നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങളെ ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഇരുപത്തഞ്ച് റിട്ട് ഹർജികൾ സമർപ്പിക്കപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly